**2009, ഖുത്വ്ബ നമ്പർ- 34**

21.08.2009
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# ആത്മീയ അനുഭൂതി നിലനിൽക്കട്ടെ.

ജർമ്മനി യാത്ര കഴിഞ്ഞ് ഞാൻ ഇവിടെ തിരിച്ചെത്തിയിട്ട് രണ്ട് ദിവസമേ ആയിട്ടുള്ളൂ. റമദാൻ നേരത്തേ ആയതുകൊണ്ട് ഈ വർഷം ജർമ്മനി ജൽസ നേരത്തേ സംഘടിപ്പിക്കേണ്ടതായി വന്നു. യു.കെ ജൽസയോടൊപ്പം തന്നെ ജർമ്മനി ജൽസക്കുള്ള ഒരുക്കങ്ങളും ചെയ്യേണ്ടി വന്നു. ആഫ്രിക്കൻ നാടുകളിൽ നിന്ന് വരുന്ന അനഹ്മദികളും വിവിധ ഗവൺമെന്റ് പ്രതിനിധികളും പാർലമെന്റ് മെമ്പർമാരും മന്ത്രിമാരും അടങ്ങുന്ന സംഘങ്ങൾ യു.കെ ജൽസയിൽ പങ്കെടുക്കാനായി പുറമെ നിന്ന് വരാറുണ്ട്. ജൽസക്ക് ശേഷം അവരുമായി മീറ്റിങ്ങ് നടത്തുന്നു. അതേ പോലെ പുറമേ നിന്ന് വന്നിട്ടുള്ള മുബല്ലിഗ്മാരുമായും ജമാഅത്ത് പ്രതിനിധികളുമായും മീറ്റിങ്ങ് നടത്തുന്നു. പാകിസ്ഥാനിൽ നിന്നും ഹിന്ദുസ്ഥാനിൽ നിന്നും ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നും വരുന്ന അഹ്മദീസഹോദരന്മാരുമായുള്ള മുലാക്കാത്തുകളും ജൽസക്ക് ശേഷം തുടർന്ന് കൊണ്ടിരിക്കുന്നു. എന്നെ സംബന്ധിച്ചെടുത്തോളം ഈ രീതിയിൽ ജൽസ കുറേ ദിവസം നീണ്ടുനിൽക്കുന്നതാണ്. ഈ വർഷം ജർമ്മൻ ജൽസ നേരത്തേ നടത്തേണ്ടതുണ്ടായതുകൊണ്ട് യാത്ര പുറപ്പെടുന്ന ദിവസം വരെ ഈ ജോലികളിൽ വ്യാപൃതനാകേണ്ടിവന്നു. ജൽസയും അതിനു ശേഷമുള്ള തിരക്കും അതേപോലെ ജർമ്മനിയിലെ ജൽസയും അവിടുത്തെ ജോലിയും എല്ലാം അല്ലാഹു വളരെ നല്ല രീതിയിൽ കഴിച്ചുകൂട്ടാനുള്ള തൗഫീഖ് നൽകുകയുണ്ടായി. ഇത് ഒരു ഭാരമായി ഒരിക്കലും തോന്നിയില്ല. ഇതിന് ഞാൻ അല്ലാഹുവിനെ എത്ര നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല. ഇത് ഞാൻ എന്റെ ഒരവസ്ഥ വിവരിച്ചെന്നേയുള്ളൂ.

അഹ്മദീ സഹോദരന്മാർക്കും യു.കെ ജൽസ അൽപം ദൈർഘ്യമുള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. കാരണം ഇതോടൊപ്പം ജർമ്മനി ജൽസയും കൂട്ടുചേരുകയുണ്ടായി. ഒരാൾ എനിക്കെഴുതി, "ജർമ്മനി ജൽസ കേൾക്കുന്നതിലും കാണുന്നതിലും നല്ല രസമായിരുന്നു. വീട്ടിൽ ഞങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ജൽസ കേൾക്കുന്നു. ജൽസയിലുണ്ടാക്കുന്ന ഭക്ഷണമെല്ലാം ഉണ്ടാക്കിക്കൊണ്ടാണ് വീട്ടിൽ ജൽസ കാണുന്നത്. യു.കെ ജൽസ ഇതേവരെ തീർന്നിട്ടില്ല എന്ന് തോന്നിപോകുന്നു. അതിന്റെ തുടർച്ചയായിട്ടാണ് ഈ ജൽസയും ഞങ്ങൾക്ക് അനുഭവപ്പെടുന്നത്. അതേ ആത്മീയാന്തരീക്ഷം വീട്ടിൽ നിലനിൽക്കുന്നു."

ജൽസയിൽ നിന്ന് ഫലമെടുക്കുന്ന ഈ തുടർച്ച തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. ഇത് തുടർന്നുകൊണ്ടിരുന്നാലാണ് ജൽസയുടെ പ്രയോജനമുള്ളൂ. കാരണം ഒരു വിശ്വാസിയുടെ ജീവിതലക്ഷ്യം ദൈവപ്രീതി കരസ്ഥമാക്കലാണ്. ആരാധനയിൽ ശ്രദ്ധിക്കുന്നതോടൊപ്പം തന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുകയും വേണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ നടത്താനുള്ള കാരണങ്ങളിൽ ഒന്ന് പറഞ്ഞിരിക്കുന്നത് ഓരോ വർഷവും ഒരുമിച്ചുകൂടി നമ്മുടെ ചിന്തകളെ ആത്മീയത കരസ്ഥമാക്കുന്നതിലേക്ക് തിരിച്ചുവിടാനുള്ള അവസരം ഒരുക്കുക എന്നതാണ്. ഒരു ജൽസക്ക് ശേഷം അടുത്ത ജൽസ വരുമ്പോൾ ആത്മീയതയിൽ മുന്നേറാൻ വീണ്ടും ശ്രമം നടത്തപ്പെടണം. അതുകൊണ്ട് യു.കെ ജൽസയും ജർമ്മൻ ജൽസയും അടുത്തടുത്തുവന്നതുകൊണ്ട് മാത്രം ഈ തുടർച്ചയുടെ ആനന്ദം അനുഭവിച്ചാൽ മതിയാകുന്നതല്ല. ഈ തുടർച്ചയെ അടുത്ത വർഷത്തെ ജൽസ വരെ നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. ഈ തുടർച്ചയായ അവസ്ഥ നാം കരസ്ഥമാക്കിക്കഴിഞ്ഞാൽ നമ്മുടെ ലക്ഷ്യം നാം കരസ്ഥമാക്കി എന്നതിൽ നമുക്ക് സന്തോഷിക്കാം. ഈ തുടർച്ചയെ നിലനിർത്തുന്നതിന് ഇബാദത്തുകളെ എടുത്ത് പറഞ്ഞുകൊണ്ട് തിരുനബി(സ) നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. ഒരിക്കൽ തിരുനബി(സ) ഇപ്രകാരം അരുളി, തിന്മകളിൽ നിന്നും രക്ഷപ്പെടുന്നതിന് അഞ്ച് നമസ്കാരങ്ങൾ പ്രായശ്ചിത്തമായിത്തീരുന്നു. ഒരു ജുമുആക്ക് ശേഷം അടുത്ത ജുമുആവരെയും ഒരു റമദാനുശേഷം അടുത്ത റമദാൻ വരെയും പ്രായശ്ചിത്തമായിത്തീരുന്നു.

ചുരുക്കത്തിൽ നന്മയിൽ മുന്നേറുകയും അതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിയെ മറ്റുള്ളവരിൽനിന്നും വ്യതിരിക്തമാക്കുന്നു. തിന്മകളിൽനിന്നും രക്ഷ പ്രാപിക്കേണമെങ്കിൽ നന്മകൾ നിലനിർത്താൻ തുടർച്ചയായ പരിശ്രമം ഉണ്ടായിരിക്കേണ്ടതാണ്. അതിനുള്ള ആഗ്രഹവും ഉണ്ടായിരിക്കേണ്ടതാണ്. നന്മകൾ നിലനിർത്തുന്നതിനുള്ള അവസരങ്ങൾ എല്ലാം തന്നെ ദൈവപ്രീതി കരഗതമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. ഞായറാഴ്ച മുതൽ റമദാൻ തുടങ്ങുകയാണ്. ജൽസയുടെ ആത്മീയാന്തരീക്ഷം നാം ആത്മീയ ഭക്ഷണത്തോടൊപ്പം ഭൗതികവിഭവങ്ങൾ കൂടി ആസ്വദിച്ചുകൊണ്ടാണ് കഴിച്ചുകൂട്ടിയത്. റമദാനിലെ ഈ അനുഗ്രഹീത ദിനങ്ങൾ ഭൗതികഭക്ഷണത്തിൽ കുറവ് വരുത്തിക്കൊണ്ട് ആത്മീയ അഭിവൃദ്ധി കരസ്ഥമാക്കാനുള്ള പരിശ്രമത്തിലൂടെ കഴിച്ചുകൂട്ടേണ്ടതാണ്. അല്ലാഹുവിന്റെ ഫള്‌ലോടും അവൻ നൽകിയ കഴിവോടും കൂടി പ്രത്യേക പ്രയത്നത്തോടും ശ്രദ്ധയോടും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടതാണ്. തങ്ങളിൽ ഒരാത്മീയവിപ്ലവം ഉണ്ടാക്കാൻ പ്രയത്നിക്കണം. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. റമദാൻ അതർഹിക്കുന്ന വിധത്തിൽ കഴിച്ചുകൂട്ടുവാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ.

ജൽസ പരിപാടി തുടങ്ങികൊണ്ട് കൂടുതലായി ഒരു പരിശീലന ക്യാമ്പ് കൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയിരിക്കുന്നു. എല്ലാ നന്മയിലും മുന്നേറാൻ പ്രേരിപ്പിക്കുന്ന ഒരാത്മീയാന്തരീക്ഷം ഇതുമുഖേന സംജാതമാകുന്നു. വൈജ്ഞാനികവും മതപരവും ആദ്ധ്യാത്മീകവുമായ ഒരന്തരീക്ഷം ആ നാളിൽ സൃഷ്ടിക്കപ്പെടുന്നു. ഇതിൽ നാം ഓരോരുത്തരും ഒരാത്മപരിശോധന നടത്തുന്നു. ജൽസ കഴിഞ്ഞതിനുശേഷം ആത്മാർത്ഥ സുഹൃത്തുക്കളുടെ കത്തുകൾ ലഭിക്കാറുണ്ട്. വൈജ്ഞാനികവും മതപരവും ആത്മീയവുമായ ഗുണങ്ങൾ ഈ ജൽസകൊണ്ട് ഞങ്ങൾക്ക് ലഭിച്ചു എന്നവർ എഴുതുന്നു. ഒരു അഹ്മദി തന്നിൽ ആത്മപരിശോധന നടത്തി ആത്മീയാനുഭൂതി കരസ്ഥമാക്കുമ്പോൾ ഈ അവസ്ഥ തുടർച്ചയായി നിലനിൽക്കുവാൻ പ്രാർത്ഥിക്കാനായി അപേക്ഷിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന്റെ ആത്മാർത്ഥതയെ വിവരിച്ചുകൊണ്ട് പറയുന്നു, 'നമ്മുടെ ജമാഅത്തംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റം ലോകത്ത് മറ്റാ

രിലും കാണാൻ സാധ്യമല്ലെന്ന കാര്യം ശ്രദ്ധാപൂർവ്വം പഠനം നടത്തുന്നവർക്ക് മനസ്സിലാകുന്നതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ പ്രതീക്ഷയർപ്പിച്ചിരിക്കുകയാണ് ഈ വചനങ്ങളിലൂടെ. ഒരു യഥാർത്ഥ അഹ്മദിയെ പിടിച്ചുകുലുക്കുന്ന വചനങ്ങളാണിവ. ഈ വചനങ്ങളെ മുമ്പിൽവെച്ചുകൊണ്ട് നാം ഒരു ആത്മപരിശോധന നടത്തുകയാണെങ്കിൽ ഒന്നിനു ശേഷം അടുത്ത നന്മയിലേക്ക് നാം പ്രവേശിച്ചുകൊണ്ടിരിക്കുന്നതാണ്. നമ്മുടെ ആത്മസംസ്കരണത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. നമ്മുടെ സംസ്കരണത്തിലേക്ക് നാം മുന്നേറിക്കൊണ്ടിരിക്കുന്നതാണ്. ഈ ജൽസകളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്മരിക്കാൻ സാധിക്കുന്നു. അങ്ങിനെ അവന് കൃതജ്ഞത പ്രകടിപ്പിക്കുന്നതിലേക്ക് ശ്രദ്ധ തിരിയുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കണ്ടുകൊണ്ട് ഒരു അഹ്മദിയുടെ ശിരസ്സ് എപ്പോഴും അവന്റെ മുമ്പിൽ കുനിയേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എപ്പോഴും നമ്മിൽ വർഷിക്കുമാറാകട്ടെ. നന്ദി പ്രകടിപ്പിക്കുന്നവരായി നാം മാറട്ടെ.

ഞാൻ പങ്കെടുക്കുന്ന ജൽസയിൽ ജൽസക്ക് ശേഷം അതിനെ കുറിച്ച് ഞാൻ വിവരിക്കാറുണ്ട്. ഡ്യൂട്ടിയിലുള്ളവർ തങ്ങളെകുറിച്ച് പരാമർശിക്കും എന്ന് പ്രതീക്ഷിക്കുന്നവരുമാണ്. അതുകൊണ്ട് ജർമ്മൻ ജൽസയെകുറിച്ച് ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്. ഒരു കാര്യം ഇവിടെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഡ്യൂട്ടിയിലുള്ളവർ അവരെ പൊക്കിപറയാൻ വേണ്ടിയാണ് തങ്ങളെ കുറിച്ച് പരാമർശം പ്രതീക്ഷിക്കുന്നത് എന്ന് കരുതരുത്. കാരണം നിസ്വാർത്ഥ സേവകരാണ് അവർ. ദൈവപ്രീതി മാത്രമാണ് അവർ മുമ്പിൽ കാണുന്നത്. ഭൗതികമായ വല്ല നേട്ടവും പ്രതീക്ഷിച്ചുകൊണ്ടല്ല ഇത്ര മാത്രം ആത്മാർത്ഥവും ആവേശത്തോടും കൂടി അവർ പ്രവർത്തിക്കുന്നത്. അതുകൊണ്ട് തങ്ങളെ പുകഴ്ത്തുന്നതു കേൾക്കാനാണ് അവരെ കുറിച്ചുള്ള പരാമർശം അവർ ആഗ്രഹിക്കുന്നത് എന്ന് ആരെങ്കിലും കരുതുകയാണെങ്കിൽ അവർക്ക് തെറ്റി. ഇതു മുഖേന അവരുടെ ന്യൂനതകൾ ശ്രദ്ധയിൽ പെടുകയും അത് ശരിയാക്കാൻ കഴിയുകയും ചെയ്യുന്നതാണ്. നമ്മുടെ ഡ്യൂട്ടിയിലുള്ളവർ അവരുടെ ന്യൂനതകൾ സ്വയം ഒരു റെഡ് ബുക്കിൽ രേഖപ്പെടുത്തുന്നവരാണ്. ഭാവിയിൽ ഇങ്ങിനെയുള്ള തെറ്റുകൾ വരാതിരിക്കാനാണ് അവരത് ചെയ്യുന്നത്. തന്റെ ബലഹീനതകളെ കുറിച്ച് അന്വേഷിച്ചുകൊണ്ടിരിക്കും എന്നത് തന്നെയാണ് ഒരു വിശ്വാസിയുടെ വ്യതിരിക്തതയും. ജമാഅത്തും ഖിലാഫത്തും തമ്മിലുള്ള ഈ ബന്ധം കാരണം ഖലീഫയുടെ അഭിപ്രായം അവർക്ക് ലഭിക്കണം എന്ന ആഗ്രഹം അവർക്കുണ്ടാകുന്നു. അവരെകുറിച്ച് അനുമോദിച്ചുകൊണ്ടുള്ള വാക്കുകളാണ് പറയുന്നതെങ്കിൽ അതിന് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുക. വല്ല ന്യൂനതകളെ കുറിച്ചുമാണ് പറയുന്നതെങ്കിലും അല്ലാഹു ഖിലാഫത്ത് എന്ന അനുഗ്രഹം അവർക്ക് നൽകിയതിന് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുക. കാരണം സഹാനുഭൂതിയോടുകൂടി ജമാഅത്തംഗങ്ങളെ നേർവഴിയിലേക്ക് നടത്തുവാൻ കഴിവുള്ള നേതൃത്വമാണ് അവർക്കുള്ളത്. ജമാഅത്തും ഖിലാഫത്തും തമ്മിലുള്ള ബന്ധം അല്ലാഹു ശക്തിപ്പെടുത്തിക്കൊണ്ടിരിക്കട്ടെ.

ജർമ്മനി ജമാഅത്തിലെ ഡ്യൂട്ടിയിലുള്ള സ്ത്രീപുരുഷന്മാർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എനിക്ക് പറയാനുള്ളത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികൾക്ക് ആതിഥ്യമരുളാൻ നിങ്ങൾ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ ഡ്യൂട്ടി നൽകുന്നവർ എല്ലാത്തിനും പ്രാപ്തരായി കഴിഞ്ഞിരിക്കുന്നു. ഏതെങ്കിലും വകുപ്പിൽ വല്ല ന്യൂനതയും തെരഞ്ഞുപിടിക്കാൻ ശ്രമിച്ചാൽ തന്നെയും വളരെ കുറഞ്ഞ ന്യൂനതയെ കണ്ടെത്താൻ സാധിക്കുകയുള്ളൂ.അതും അന്വേഷകന്റെ ഭാഗത്തു നിന്നുള്ള പിഴവുമാവാം.എല്ലാ വകുപ്പുകളും നൂറ് ശതമാനവും ശരിയാവുകയില്ല.മനുഷ്യന് എത്രമാത്രം നന്നായിചെയ്യാൻ സാധിക്കുമോ അത് ചെയ്യാൻ വേണ്ടി ശ്രമിക്കുന്നുണ്ട്.അവരാരും തന്നെ ഏതെങ്കിലും ജോലിക്ക് പ്രത്യേക പരിശീലനം നേടിയവരല്ല. യു.കെ യിലുള്ളവരെക്കുറിച്ചും ഞാൻ പറഞ്ഞിരുന്നു. പല സ്ഥലത്തും പല മേഖലകളിലും ജോലിചെയ്യുന്നവർക്ക് ഇവിടെ ഏത് ജോലി നല്കിയാലും വളരെ നല്ല രീതിയിൽ അതെല്ലാം ചെയ്തു തീർക്കുന്നു.ജോലിക്കാരുടെ പ്രവർത്തനം കാണുമ്പോൾ അല്ലാഹുവിനോടുള്ള നന്ദിപ്രകടനത്തിൽ ഹൃദയം നിറഞ്ഞു തുളുമ്പുന്നു. ജൽസയിൽ വരുന്നവരും ജൽസ കേൾക്കുന്നവരും ഇവർക്ക് കൃതജ്ഞത ഉള്ളവരായിമാറേണ്ടതാണ്. പരിചയമില്ലാത്ത ഫീൽഡിൽ വലിയ തെറ്റുകളൊന്നും കൂടാതെ നിസ്വാർത്ഥ സേവനമാണ് അവർ ചെയ്യുന്നത്. ഈ വർഷം കുറഞ്ഞ സമയത്തിനുള്ളിൽ അവർക്ക് എല്ലാ പ്രവർത്തികളും ചെയ്യേണ്ടിവന്നു. ജൽസാ ഓഫീസർ വിവരിക്കുന്നു. ജൽസ തുടങ്ങുന്നതിനു മുമ്പ് വഖാറെ അമൽ നടക്കാറുണ്ട്. പന്തലെല്ലാം ഇവർ സ്വയം തന്നെ നാട്ടുകയാണ് പതിവ്. പത്ത് മുന്നൂറ് പേരുടെ ആവശ്യമുണ്ടെന്ന് പറഞ്ഞാൽ ഓരോ ദിവസവും പറഞ്ഞതിനേക്കാളും നാൽപതോ അൻപതോ ആളുകൾ കൂടുതലാണ് വരാറുള്ളത്. ലോകത്ത് എല്ലായിടത്തുമുള്ള അഹ്മദികളുടെ സേവനതൽപരതയാണിത്. ജമാഅത്തിന്റെ ജോലിക്ക് ക്ഷണിച്ചാൽ അവർ ഓടി വരും. ഈ ആവേശത്തെ നിലനിർത്തേണ്ടത് ആവശ്യമാണ്.

ഈ വർഷം ജൽസ തുടങ്ങുന്നതിനുമുമ്പേ ചില കാരണങ്ങളാൽ ഞാൻ ഉന്നത ഉദ്യോഗസ്ഥൻമാരെ മാറ്റിയിരുന്നു. ജൽസാ സാലാന ഓഫീസറേയും മാറ്റിയിരുന്നു. എന്നിട്ടും ജോലിയിൽ ഒരു ന്യൂനതയും കാണപ്പെട്ടില്ല. കഴിഞ്ഞ ജൽസകളിൽ ചൂണ്ടിക്കാണിക്കപ്പെട്ട ന്യൂനതകളെ ഭംഗിയായി പരിഹരിച്ചിട്ടുണ്ട്. അതേപോലെ ജോലിക്കാർക്ക് സ്വയം അനുഭവപ്പെട്ട ന്യൂനതകൾ അതും പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. യു.കെ ജൽസയിൽ കണ്ട നല്ല കാര്യങ്ങളെ അവർ ഉപയോഗപ്പെടുത്തുകയും ചെയ്തു. നല്ലത് എവിടെ കണ്ടാലും അത് സ്വീകരിക്കണം എന്നതാണ് ഒരു മുഅ്മിന്റെ ലക്ഷണം. അതല്ലാതെ അസൂയയോടെ അതിൽ ന്യൂനതകൾ കണ്ടെത്തുകയല്ല വേണ്ടത്. തന്റെ ജോലി മാത്രം നല്ലത് എന്ന് പറയുകയും ഭൗതികരെപോലെ അതിനെ മാത്രം പൊക്കിപിടിക്കുകയുമല്ല ചെയ്യേണ്ടത്. വ്യക്തിപരമായാലും ജമാഅത്തിയായാലും മറ്റുള്ളവരിൽ നിന്നും നന്മയെ ഉൾക്കൊള്ളാതെ അസൂയ വെച്ചുപുലർത്തുകയാണെങ്കിൽ അത് അനുഗ്രഹതീമായിരിക്കില്ല. മുഅ്മിൻ പരസ്പര സഹായികളായിരിക്കും. നല്ലത് കണ്ടാൽ അതിനെ പുകഴ്ത്തുകയും ന്യൂനതകൾ കണ്ടാൽ അതിനെ മറച്ചുവെക്കുകയും ചെയ്യുന്നവനായിരിക്കും യഥാർത്ഥ സത്യവിശ്വാസി. യു.കെ ജൽസക്ക് ശേഷം താമസ സ്ഥലത്ത് പ്രത്യേക സംരക്ഷണം ഏർപ്പെടുത്തണം എന്ന് ഞാൻ പറഞ്ഞിരുന്നു. അതിനെ ഇവർ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ ഡ്യൂട്ടിയിലുള്ളവർ, അതിൽ യുവതലമുറയാണ് വലിയ ഒരു ഭാഗം ഇവിടെയും മറ്റുസ്ഥലങ്ങളിലും എല്ലാം ഉണ്ടാകുക, അവരുടെ കഴിവനുസരിച്ച് ശരിക്കും പണിയെടുത്തിട്ടുണ്ട്. മാത്രമല്ല ഖലീഫ തിരുമനസ്സ് ആരെതന്നെ തങ്ങളുടെ മേലുദ്യോഗസ്ഥരായി നിയമിച്ചാലും അവരെയെല്ലാം തങ്ങൾ പൂർണ്ണമായും അനുസരിക്കുന്നതാണെന്നും ഇവരുടെ പ്രവർത്തനങ്ങൾ തെളിയിക്കു

കയുണ്ടായി. വ്യക്തി താത്പര്യത്തിന്റെ പേരിലല്ല തങ്ങൾ ജോലി ചെയ്യുന്നതെന്നും അല്ലാഹുവിന്റെ പ്രീതിക്കായാണ് ജോലി ചെയ്യുന്നതെന്നും ഇതെല്ലാം തെളിയിക്കുന്നു. ഞാൻ വീണ്ടും എല്ലാവർക്കും നന്ദിരേഖപ്പെടുത്തുന്നു. എം.ടി.എ ജർമ്മനിയിലെ ഡ്യൂട്ടിക്കാരും പ്രോഗ്രാമുകൾ എത്തിക്കുന്നതിലും പ്രോഗ്രാമുകൾ ഉണ്ടാക്കുന്നതിലും വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ലണ്ടനിൽ നിന്നും പോയ കേന്ദ്ര എം.ടി.എ പ്രവർത്തകരോട് പൂർണ്ണമായും സഹകരിക്കുകയും ചെയ്തു. അല്ലാഹു എല്ലാവർക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

എല്ലാ വർഷവും ഞാൻ ജമാഅത്തിലെ ചിലരെ പ്രത്യേകം പരാമർശിക്കാറുണ്ട്. ചെമ്പ് കഴുകുന്ന മെഷീൻ മൂന്ന് സഹോദരന്മാർ ചേർന്ന് കണ്ടുപിടിച്ചിരുന്നു. ഈ വർഷം അവർ ആ മെഷീൻ ഒന്നു കൂടി നൂതനവൽക്കരിച്ചിട്ടുണ്ട്. പൂർണ്ണമായും ഓട്ടോമാറ്റിക്കാണ്. പൂർണ്ണമായും കംപ്യൂട്ടറൈസ്ഡ് സിസ്റ്റമാണ്. ചെമ്പിനെ അത് തന്നെ പൂർണ്ണമായും ഉള്ളിലേക്ക് കൊണ്ടുപോകും. കഴുകി വൃത്തിയാക്കി കഴിഞ്ഞാൽ അതുതന്നെ പുറംതള്ളുകയും ചെയ്യും. അല്ലാഹു ഈ മൂന്ന് സഹോദരന്മാർക്കും പ്രതിഫലം നൽകുമാറാകട്ടെ. അവരുടെ ബുദ്ധിക്ക് കൂടുതൽ പ്രകാശം നൽകുമാറാകട്ടെ. പ്രാദേശികരായ രണ്ട് എൻജിനീയർമാരേയും അവർ ഇപ്രാവശ്യം കൂടെ കൂട്ടിയിരുന്നു. ബോസ്നിയായിലേയും ജർമ്മനിയിലേയും രണ്ടുപേരെ. എല്ലാവരും നല്ലരീതിയിൽ പ്രവർത്തിച്ചു.

യാത്രാവേളയിൽ ഉണ്ടായ ചില അനുഭവങ്ങൾ കേൾക്കാനും സഹോദരന്മാർക്ക് ആഗ്രഹമുണ്ടാവും. എം.ടി.എ കാണിക്കാത്ത സംഭവങ്ങൾ കേൾപ്പിക്കാനായി കത്തുകൾ വരാറുണ്ട്. അതുകൊണ്ട് അങ്ങിനെയുള്ള ചില അനുഭവങ്ങൾ കേൾപ്പിക്കാം.

ഈ യാത്രകളെല്ലാം തന്നെ ദൈവപ്രീതിക്കായി മാത്രം ചെയ്യുന്നതാണ്. ജൽസയിൽ പങ്കെടുക്കാൻ വരുന്ന ഓരോരുത്തരുടെയും യാത്ര ദൈവപ്രീതിക്കായാണ് ചെയ്യുന്നത്. ഇങ്ങിനെ യാത്രചെയ്യുന്നവരെകുറിച്ച് അല്ലാഹു സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലും അവന്റെ അനുഗ്രഹങ്ങൾ ലഭിക്കലുമാണ് അത്. ഈ യാത്ര ദൈവപ്രീതിക്കായാണ് ചെയ്യുന്നതെങ്കിൽ അതിന് ചില ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നും അല്ലാഹു പറയുന്നുണ്ട്. സൂറഃതൗബയിൽ അല്ലാഹു പറയുന്നു,

اَلتَّآئِبُوْنَ الْعٰبِدُوْنَ الْحٰمِدُوْنَ السَّآئِحُوْنَ
الرّٰكِعُوْنَ السّٰجِدُوْنَ الْاٰمِرُوْنَ
بِالْمَعْرُوْفِ وَالنَّاهُوْنَ عَنِ الْمُنْكَرِ
وَالْحٰفِظُوْنَ لِحُدُوْدِ اللّٰهِ ۗ وَبَشِّرِ
الْمُؤْمِنِيْنَ ﴿۱۱۲﴾ (9:112)

പശ്ചാത്തപിച്ചു മടങ്ങുന്നവരും (അല്ലാഹുവിനെ) ആരാധിക്കുന്നവരും സ്തുതിക്കുന്നവരും, ദൈവമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരും നല്ല കാര്യങ്ങൾ ഉപദേശിക്കുന്നവരും നിഷിദ്ധകാര്യങ്ങൾ വിലക്കുന്നവരും അല്ലാഹുവിന്റെ പരിധികളെ കാത്തുസൂക്ഷിക്കുന്നവരുമാണവർ. സത്യവിശ്വാസികൾക്ക് നീ സുവിശേഷം അറിയിക്കുക. (9:112)

ഈ ഗുണങ്ങളെല്ലാം ഈ യാത്രയിൽ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന യാത്രകളിൽ അല്ലാഹു പ്രത്യേകം ബർക്കത്തുകളിടുന്നു. ഇവിടെനിന്നും പുറപ്പെട്ട് ഒരു രാത്രി ബെൽജിയം മിഷൻ ഹൗസിലാണ് തങ്ങിയത്. അവിടെ നിയമപ്രകാരമുള്ള പള്ളിയില്ല. കാരണം ലോക്കൽ കൗൺസിൽ അതിനുള്ള അനുവാദം നൽകുന്നില്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും രണ്ട് ചെറിയ ചെറിയ ഹാളുകൾ മിഷ്യൻഹൗസിനോട് ചേർന്നുകൊണ്ട് ഉണ്ട്. അതിലാണ് നമസ്കരിക്കാറുള്ളത്. ബിൽബീക് എന്ന ഏരിയയിലാണ് ഇതുള്ളത്. അവിടുത്തെ മേയർ എന്നെ കാണാൻ വന്നിരുന്നു. പല കാര്യങ്ങളും ഞങ്ങൾ തമ്മിൽ സംസാരിച്ചു. പള്ളിയുടെ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, വ്യക്തിപരമായി എനിക്ക് താത്പര്യമുണ്ട്. എന്നാൽ പ്രാദേശിക ജനങ്ങളും കൗൺസിലിലെ ഭൂരിപക്ഷം മെമ്പർമാരും ജമാഅത്തിനെ മോശമായി കരുതുന്നില്ലെങ്കിൽ കൂടി പള്ളി ഉണ്ടാക്കാൻ സമ്മതിക്കുന്നില്ല എന്നാണ്. അവർ ജമാഅത്തിന്റെ പരിപാടികളിൽ വരാറുള്ളവരാണ്. വലിയ പരിപാടികൾ ഇവിടെ നടക്കാറുണ്ട്. ട്രാഫിക്ക് പ്രശ്നങ്ങൾ പോലും ഇവിടെ ഉണ്ടാകാറുണ്ട്, മുദ്രാവാക്യം വിളികളും നടക്കാറുണ്ട്. ഇതൊന്നും അവർക്ക് ഒരു പ്രശ്നവുമല്ല. എന്നിട്ടും പള്ളി ഉണ്ടാക്കാൻ സമ്മതം നൽകുന്നില്ല. ഇവരെ അംഗീകരിപ്പിക്കാൻ കുറച്ച് കാലം എടുക്കും. ഇനിയും കുറേ കാലം കാത്തിരിക്കുക എന്നത് നമുക്ക് പ്രശ്നമുള്ള കാര്യമാണ്. അതുകൊണ്ട് അവിടെയുള്ള ജമാഅത്തിന് ഞാൻ പറഞ്ഞത് ബയ്സർ പട്ടണത്തിൽ പള്ളിക്ക് വേണ്ടി സ്ഥലം അന്വേഷിക്കാനാണ്. എന്നാൽ നമുക്ക് ബൽജിയത്ത് ആദ്യ പള്ളിയുണ്ടാക്കാൻ സാധിക്കുന്നതാണ്. (ഇൻശാ അല്ലാഹ്)

അവിടെ ഏതെങ്കിലും രീതിയിൽ പള്ളിഉണ്ടാകാനുള്ള സാഹചര്യം ഉണ്ടായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. വരുന്ന അഞ്ചാറ് വർഷത്തിനുള്ളിൽ യൂറോപ്പിലെ ഓരോ രാജ്യത്തും ഒരു പള്ളിയെങ്കിലും നിർമ്മിക്കണം എന്ന എന്റെ ആഗ്രഹം അല്ലാഹു പൂർത്തിയാക്കിതരുമാറാകട്ടെ. പള്ളിയില്ലാത്ത സ്ഥലത്ത് പള്ളിയുണ്ടായി കഴിഞ്ഞാൽ അതിൽ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കും.

ഇവിടെ ജൽസയിൽ വന്ന ഒരു എം.പിയും ബെൽജിയത്ത് പള്ളി നിർമ്മിക്കുന്നതിന് സഹായിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം ജമാഅത്തിൽ വളരെയധികം ആകൃഷ്ടനാണ്. ഞാൻ ബൽജിയത്ത് എത്തുന്നതിനു മുമ്പേ തന്നെ എന്നെ സ്വീകരിക്കുന്നവരിൽ ഉൾപ്പെടുന്നതിനുവേണ്ടി നേരത്തേ തന്നെ നമ്മുടെ മിഷൻ ഹൗസിൽ എത്തിയിരുന്നു. വളരെ നേരം കാത്തുനിന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിലേക്ക് അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയം തുറക്കുമാറാകട്ടെ. മറ്റൊരു എം.പിയുമായും കൂടികാഴ്ച നടത്തിയിരുന്നു. മൊറോക്കോ, അൽജീരിയ എന്നിവർക്കിടയിൽ തബ്ലീഗ് എത്തിക്കുന്നതിനുള്ള ചില മശ്വറകൾ നൽകുകയുണ്ടായി. വളരെ നല്ല മശ്വറയാണ്. ഇവർ ഹൃദയം കൊണ്ട് അഹ്മദികളായതുപോലെയാണ് തോന്നുന്നത്. പ്രഖ്യാപിക്കാൻ ഭയമാണെന്നു തോന്നുന്നു. ബൽജിയത്ത് ഇന്തോനേഷ്യൻ പുരുഷനും ബൽജിയൻ സ്ത്രീയും ഒരു മൊറോക്കൻ നവ അഹ്മദിയും അദ്ദേഹത്തിന്റെ അനഹ്മദി ബന്ധുവും ആഫ്രിക്കക്കാരും എല്ലാം വന്നിരുന്നു. അവരുമായി തർബ്ബിയ്യത്ത് തബ്ലീഗ് കാര്യങ്ങൾ ചർച്ചചെയ്തു. ഇന്തോനേഷ്യൻ സുഹൃത്ത് കുറേ വർഷങ്ങളായി ബൽജിയത്ത് താമസിച്ചു വരികയാണ്. ബൽജിയത്ത് വിവാഹം കഴിച്ചു. എന്നാൽ ഇദ്ദേഹത്തിന് അല്ലാഹുവിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ഇരു ദമ്പതികളും യു.കെ ജൽസയിൽ വന്നിരുന്നു. യു.കെ ജൽസക്ക് കുറച്ച് ദിവസം മുമ്പാണ്

അഹ്മദിയായത്. ജൽസയിൽ ഇവിടെ വന്നപ്പോൾ എന്നോട് പറഞ്ഞത്, 'ദൈവത്തിന്റെ അസ്ഥിത്വത്തിൽപോലും ഞാൻ വിശ്വസിച്ചിരുന്നില്ലെന്നാണ്. ദൈവം ഇല്ലാ എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ ജമാഅത്തിന്റെ പുസ്തകങ്ങൾ വായിക്കുകയും ഇവിടെയുള്ള മുബല്ലിഗുമായി സംസാരിക്കുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നവനായി ഞാൻ മാറി. അസ്ഥിത്വത്തെ അംഗീകരിച്ചപ്പോൾ പിന്നെ എനിക്ക് അഹ്മദിയ്യത്ത് സ്വീകരിക്കുകയല്ലാതെ മറ്റു പോംവഴി ഉണ്ടായിരുന്നില്ല. അഹ്മദിയായ മൊറോക്കൻ സ്ത്രീ അവളുടെ മാതാപിതാക്കൾ ഉന്നയിച്ച പല ആക്ഷേപങ്ങളെക്കുറിച്ച് ചോദിക്കുകയുണ്ടായി. ഒരു മണിക്കൂറോളം ഈ സദസ്സ് നീണ്ടുനിന്നു.

അവിടെ നിന്ന് പുറത്തിറങ്ങിയപ്പോൾ ആഫ്രിക്കക്കാരും ബെൽജിയക്കാരുമായ അഹ്മദികളും അഹ്മദിയ്യത്തുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നവരും പുറത്ത് നിൽപ്പുണ്ടായിരുന്നു. ഒരു വർഷം മുമ്പ് ഡോക്ടറായ ഒരു യുവാവിനെ നമ്മുടെ മുബല്ലിഗ് സാഹിബ് പരിചയപ്പെടുത്തുകയുണ്ടായി. ഇദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ട് മുബല്ലിഗ് സാഹിബ് പറഞ്ഞു; ഇദ്ദേഹം അഹ്മദിയ്യത്തിന് വളരെ അടുത്താണ്, ഇതേ വരെ ബൈഅത്ത് ചെയ്തിട്ടില്ല. മുറബ്ബി സാഹിബ് ഇത് സംസാരിച്ചു തീർന്നിട്ടില്ലായിരുന്നു; ഉടനെ ഡോക്ടർ സാഹിബ് പറഞ്ഞു. യു.കെ ജൽസയിൽ നടന്ന ആഗോള ബൈഅത്തിൽ ഞാൻ ബൈഅത്ത് ചെയ്തിട്ടുണ്ട്. മുറബ്ബി സാഹിബിനും അമീർ സാഹിബിനും ഇതറിയില്ലായിരുന്നു. അല്ലാഹു സ്വയം ആളുകളെ അയക്കുന്നു. **നൂഹീ ഇലൈഹിം മിനസ്സമാഇ** എന്ന ദൃഷ്യമാണ് ഇതെല്ലാം. നമസ്കാരത്തിനു ശേഷം അദ്ദേഹം എന്റെ കയ്യിൽ നേരിട്ട് ബൈഅത്ത് ചെയ്യുകയും ചെയ്തു.

ജർമൻ ജൽസ വളരെ വിജയപ്രദമായിരുന്നു. ഹാജർ നില 32000 ത്തിൽ കൂടുതലുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 7000 പേർ കുറയുമെന്നാണ് ഞാനും അമീർസാഹിബും പ്രതീക്ഷിച്ചിരുന്നത്. കാരണം കഴിഞ്ഞ വർഷം ജൂബിലി ജൽസയായിരുന്നു. ജൽസ നേരത്തെ നടത്തിയതുകൊണ്ട് സ്കൂൾ അവധിയായതിനാൽ പലർക്കും ഇതിൽ പങ്കെടുക്കാൻ സാധിച്ചു. അല്ലാഹു തന്റെ ഫള്ല് ചൊരിയുമ്പോൾ നമ്മുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റിപ്പോകുന്നു. ജൽസസാലാനയുടെ പരിപാടികളെല്ലാം വളരെ ഭംഗിയായി നടന്നു. ഇവിടെ നടന്ന പ്രസംഗങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തിയിരിക്കുമെന്ന് കരുതുന്നു. അത് ജീവിത്തിന്റെ ഭാഗമാക്കി മാറ്റാൻ ശ്രമിക്കുക. ദൈവപ്രീതി കരസ്ഥമാക്കാനായി ശ്രമിക്കുക. സൂറത്തുത്തൗബയിലെ ആയത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞ എല്ലാ ഗുണങ്ങളും നിങ്ങളുടെ ജീവിതത്തിൽ പകർത്തുക.

ഈ ജൽസയിൽ ഇപ്രാവശ്യം പശ്ചിമയൂറോപ്പിൽ നിന്നുള്ള പത്ത് നാടുകളിലുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. ആ നാടുകൾ ഇവയാണ്; ബൽഗാരിയ, ഹംഗറി, റോമാനിയ, മാൾട്ട, ഐസ്ലാന്റ്, അൽബാനിയ, ബോസ്നിയ, മസഡോണിയ, കൊസോവ, ലിഥുആനിയ. ചിലർ അഹ്മദികളായിരുന്നു. ഭൂരിഭാഗവും അമുസ്ലീംകളും അനഹ്മദീ മുസ്ലീംകളുമായിരുന്നു. അമീർ സാഹിബ് ഇവരുമായുള്ള ഒരു സംയുക്തമീറ്റിംഗ് ശനിയാഴ്ച വൈകുന്നേരം വെച്ചിരുന്നു. എന്നാൽ ഇവരെയെല്ലാം വെവ്വേറെ കാണുകയും അവരവരുടെ പരിതസ്ഥിതി മനസ്സിലാക്കിക്കൊണ്ട് അവരോട് സംസാരിക്കുകയും ചെയ്താൽ മാത്രമേ ഫലമുണ്ടാകുകയുള്ളൂ എന്നും ഞാൻ മനസ്സിലാക്കി. അങ്ങിനെ ജൽസ കഴിഞ്ഞ അടുത്ത ദിവസം തന്നെ ഈ സംഘങ്ങളുമായി വെവ്വേറെ മീറ്റിംഗുകൾ നടത്തുകയുണ്ടായി. അവരുടെ അഭിപ്രായങ്ങൾ ഞാൻ കേട്ടു. എല്ലാവരും പറഞ്ഞ ഒരു കാര്യം ജൽസയുടെ സംവിധാനം അത്ഭുതപ്പെടുത്തുന്നതായിരുന്നു എന്നാണ്. ഞങ്ങൾ ജമാഅത്തിനേയും ജൽസയേയും അടുത്ത് കണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇനി ജമാഅത്തുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നതാണെന്ന് അവർ പറയുകയുണ്ടായി. ഇത്ര വലിയ ജനസഞ്ചയത്തെ ഒരുമിച്ചുനിർത്തിയതിലും അവർ അത്ഭുതപ്പെടുകയുണ്ടായി. അല്ലാഹുവിനുവേണ്ടി ഒരുമിച്ചു കൂടുന്നവർ സ്വയം തങ്ങളെ നിയന്ത്രിക്കുന്നതാണെന്ന പച്ചയായ യാഥാർത്ഥ്യം ഇവർക്ക് ഇപ്പോൾ അറിയില്ല. വളണ്ടിയർമാരും ഡ്യൂട്ടിക്കാരും അൽപ്പംമാത്രമേ പ്രവർത്തിക്കാറുള്ളൂ. വരുന്നവർതന്നെ സ്വയം നിയന്ത്രിക്കുന്നതുകൊണ്ട് ഇവിടെ വലിയ പോലീസ് സന്നാഹത്തിന്റെയൊന്നും ആവശ്യം നേരിടുകയില്ല. ഇവിടെ കണ്ട സ്നേഹത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷവും അനന്യമായിരുന്നു. ഓരോരുത്തരും മറ്റുള്ളവരുടെ വികാരങ്ങളെ, ആവശ്യങ്ങളെ പരിഗണിച്ചിരുന്നു. മാത്രമല്ല ഇത്ര വലിയ ജനക്കൂട്ടത്തിന് യാതൊരു പ്രയാസവും കൂടാതെ അച്ചടക്കത്തോടെ ഭക്ഷണം നൽകുക എന്നതും അവരെ സംബന്ധിച്ച്, പ്രത്യേകിച്ച് അച്ചടക്കം കുറഞ്ഞ ആ നാട്ടുകാർക്ക് അത്ഭുതം തന്നെയായിരുന്നു. മറ്റുള്ളവർക്കായി ത്യാഗം ചെയ്യാനുള്ള മനോഭാവവും ഇവർക്ക് തികച്ചും അന്യമായിരുന്നു. ഇതെല്ലാം തന്നെ നിശബ്ദ തബ്‌ലീഗുകളാണ്. ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും ഇത് ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ സവിശേഷതകളെ നിലനിർത്താൻ ശ്രമിക്കുക. തെളിവുകൾ പ്രയോജനരഹിതമായ സ്ഥലങ്ങളിൽ സദ്മാതൃകകൾ ഫലപ്രദമാകാറുണ്ട്.

ബൽഗാറിയായിൽ നിന്നും 90 പേരടങ്ങുന്ന ഒരു സംഘം വന്നിരുന്നു. അവിടെ ജമാഅത്ത് എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാർ മുഫ്ത്തി, ജമാഅത്തിന്റെ കൊടിയ എതിരാളിയാണ്. അയാൾ കാരണം ജമാഅത്തിന് പല നിയമതടസ്സങ്ങളും അവിടെ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതെല്ലാമായിരുന്നിട്ടുകൂടി ഇത്രയും ആളുകൾ വരിക എന്നത് തന്നെ, അതും പകുതി അഹ്മദികളും പകുതി അനഹ്മദികളും, സർക്കാർ നടപ്പിൽ വരുത്തിയ നിയമതടസ്സങ്ങൾ കാരണം ജനങ്ങൾ യാഥാർത്ഥ്യമെന്താണെന്ന് അറിയാൻ ആഗ്രഹിക്കുന്നു എന്നാണ്. ഈ തടസ്സപ്പെടുത്തലുകളും തബ്‌ലീഗായി മാറിക്കൊണ്ടിരിക്കുകയാണ്. എതിർപ്പുകൾ കാരണം ക്രിസ്ത്യാനികൾക്ക് ഇതിലേക്ക് ശ്രദ്ധയുണ്ടായിരിക്കുകയാണ്. പല ക്രിസ്ത്യാനികളും അവിടെ വന്നിരുന്നു. അതിൽ ഒരു പിതാവും മകളും ഉണ്ടായിരുന്നു. അവർ അവർ വേറെത്തന്നെ എന്നെ കണ്ടിരുന്നു. പിതാവ് പിന്നീട് പറഞ്ഞത് കഴിഞ്ഞ വർഷം അദ്ദേഹവും മകനും വന്നിരുന്നു എന്നാണ്. മകൻ പോലീസ് ഉദ്യോഗസ്ഥനായിരുന്നു. ജൽസയിൽ പങ്കെടുത്തതു കാരണം തിരിച്ചുചെന്നപ്പോൾ തന്നെ അയാൾക്കെതിരിൽ കേസ്സ് എടുക്കുകയുണ്ടായി. അങ്ങനെ പോലീസിൽ നിന്നും പുറത്താക്കുകയും ചെയ്തു. അവിടേയും നിയമം വേണ്ടതു പോലെ ഇല്ല. ഞാൻ അവരോട് പറഞ്ഞിരുന്നു. കേസ്സ് കൊടുത്തിട്ടെങ്കിലും നിങ്ങളുടെ അവകാശം കരസ്ഥമാക്കുക എന്ന്. അപ്പോൾ അവർ പറഞ്ഞത് അതിലും പ്രതീക്ഷയില്ല എന്നാണ്. അദ്ദേഹത്തെക്കുറിച്ചുള്ള ഒരേ ഒരാക്ഷേപം ജർമനിയിൽ നടക്കുന്ന അഹ്മദികളുടെ ജൽസയിൽ എന്തിനു പങ്കെടുത്തു എന്നതായിരുന്നു. ഞാൻ പിതാവിനോട് പറഞ്ഞു; മകനോട് സൂക്ഷിക്കാൻ പറയണം. ഞങ്ങൾക്ക് വേണ്ടി എന്തിനാണ് ഈ രീതിയിൽ പ്രയാസത്തിൽ അകപ്പെടുന്നത്. അപ്പോൾ പിതാവ് പറഞ്ഞു. എന്റെ മകൻ പറയുന്നത് സത്യം ഇവരുടെ കൂടെയാണുള്ളത്. മാത്രമല്ല ഇവർ മർദ്ദിതരുമാണ്. അതുകൊണ്ട് എപ്പോഴും ഞാനിവരോ

ടൊപ്പം മാത്രമേ നിൽക്കുകയുള്ളു. എന്റെ ജോലി പോയാലും മറ്റു പ്രയാസങ്ങൾ എനിക്ക് സഹിക്കേണ്ടി വന്നാലും ശരി.

അല്ലാഹു അല്ലാതെ മറ്റാരാണ് ഈ കാര്യങ്ങളെല്ലാം അവരുടെ ഹൃദയങ്ങളിൽ ഇടുന്നത്. ഇവരെല്ലാം ജമാഅത്തുമായി നല്ല ബന്ധത്തിലാണ്. അഹ്മദിയ്യത്ത് സ്വീകരിക്കുവാൻ അല്ലാഹു ഇവരുടെ ഹൃദയം തുറക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കൂടെ വന്ന മകൾ വിദ്യാസമ്പന്നയാണ്. നമ്മുടെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. മാത്രമല്ല ചില ഉദ്ധരണികൾ വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവിടെ ആകെ ഒരു പാക്കിസ്ഥാനി കുടുംബമേയുള്ളൂ. അവിടെ മുബല്ലിഗീങ്ങൾ ഇല്ല. അവിടെ ജമാഅത്തിന്റെ അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവരെയെല്ലാം ഒരുമിച്ചു കൊണ്ടുപോകുന്നത് ഈ ഒരു കുടുംബമാണ്. ഈ പെൺകുട്ടി ഈ കുടുംബവുമായി എപ്പോഴും ബന്ധപ്പെട്ടുക്കൊണ്ടിരിക്കും. ഇതുകാരണം അവർ ഉർദുവും പഠിച്ചിട്ടുണ്ട്. ഈ പെൺകുട്ടിയുടെ പിതാവുമായി മുറബ്ബി സാഹിബ് മുഖേന സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഈ കുട്ടി എല്ലാം കേട്ട് തലയാട്ടുന്നുണ്ടായിരുന്നു. എനിക്ക് തോന്നി ഈ കുട്ടിക്കും കാര്യങ്ങൾ മനസ്സിലാകുന്നുണ്ട്. ഞാൻ ചോദിച്ചു; മനസ്സിലാകുന്നുണ്ടോ. അപ്പോൾ അവൾ പറഞ്ഞു. അതേ, ഞാൻ ഉറുദു കുറേയൊക്കെ പഠിച്ചിട്ടുണ്ട് എന്ന്. അല്ലാഹു ഇവളുടെയും ഹൃദയം തുറക്കുകയും ജമാഅത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

ഈ പെൺകുട്ടി ഉർദു പഠിച്ചു എന്നറിഞ്ഞപ്പോൾ എന്റെ മനസ്സിൽ വന്നത് ബൈഅത്ത് പോലും ചെയ്തിട്ടില്ലാത്തവർ ജമാഅത്തിനടുത്ത് വരാൻ ഉർദുപോലും പഠിക്കുന്നു. എന്നാൽ ആരുടെ മാതാപിതാക്കളുടെ ഭാഷയാണോ ഉർദു അവർ ഇതിനെ മറക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ ശേഷം വരുന്നവർ പഠിച്ചുകൊണ്ട് പഴമക്കാരെക്കാളും മുൻകടക്കുമോ!? ഈ സംഘങ്ങളിൽ പത്രപ്രതിനിധികളും ഉണ്ടായിരുന്നു. അവരുടെ നാടുകളിൽ ജൽസയുടെ ന്യൂസ് ഫോട്ടോ സഹിതം അവർ നൽകിയിട്ടുണ്ട്. ഈ രീതിയിലും ജൽസ തബ്ലീഗായി മാറിയിട്ടുണ്ട്. ജമാഅത്തിനെ പരിചയപ്പെടുത്താനുള്ള ഒരു കാരണമായി ഇത് മാറുകയും ചെയ്തു. ഈ പത്രപ്രതിനിധികളോട് ജമാഅത്തിനെക്കുറിച്ചും മാനവരാശിക്ക് വേണ്ടി ജമാഅത്ത് ചെയ്യുന്ന ആതുര സേവനങ്ങളെക്കുറിച്ചും പറയുകയുണ്ടായി. മനുഷ്യമൂല്യങ്ങളെ വിലമതിക്കണമെന്ന് അവർക്ക് ബോധ്യമായി. ഈ വിഷയവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ലേഖനങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുമെന്ന് അവർ പറഞ്ഞിട്ടുണ്ട്.

ജൽസക്ക് ശേഷം ഗ്രൂപ്പുകളിലായി ജർമൻ സ്ത്രീപുരുഷന്മാരുമായുള്ള കൂടിക്കാഴ്ചയും നടത്തി. ജമാഅത്തുമായി അടുത്ത് ബന്ധപ്പെട്ട രണ്ട് മഹിളകൾ ജൽസക്ക് ശേഷം ബൈഅത്ത് ചെയ്യുകയും ചെയ്തു. ഒരാൾ ജർമനും മറ്റൊരാൾ മിസ്റിയുമാണ്. കുറേ കാലമായി ഇവിടെയാണ് താമസിക്കുന്നത്. ബൈഅത്ത് ചെയ്ത ജർമൻ സ്ത്രീ വികാരഭരിതയായിരുന്നു. ഞാൻ ചോദിച്ചപ്പോൾ അവർക്ക് ഒന്നും മിണ്ടാൻ കഴിയാത്ത ഒരവസ്ഥയായിരുന്നു. അവർ തേങ്ങി കരയുകയായിരുന്നു. ഈ ഒരവസ്ഥ മനുഷ്യന് ഉണ്ടാക്കാൻ കഴിയുമോ?.

ഞാനുമായി കൂടിക്കാഴ്ച നടത്തിയവരിൽ ചിലർ പറഞ്ഞത് ഞങ്ങൾ ജോലി ചെയ്യുന്ന കടകളിൽ മദ്യവും പന്നിമാംസവും വിൽക്കുന്നുണ്ട്. ആ കടകളിലുള്ള ജോലി ഉപേക്ഷിക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. (നേരിട്ട് അവർ ഈ ബിസിനസ്സിൽ ഭാഗഭാക്കല്ല.) ഇതുകാരണം ഞങ്ങളിൽനിന്ന് ചന്ദ വാങ്ങുന്നില്ലെന്ന് അസ്വസ്ഥരായിക്കൊണ്ട് അവർ ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ഞാൻ അവരോട് പറഞ്ഞത് നിങ്ങൾ പന്നിമാംസം വിൽക്കുന്നതിലും മദ്യം വിൽക്കുന്നതിലും നേരിട്ട് പങ്കെടുക്കുന്നില്ലെങ്കിൽ നിങ്ങളിൽനിന്ന് ചന്ദ വാങ്ങുന്നതിന് വിലക്കൊന്നുമില്ല. എന്നാൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെട്ടവരിൽ നിന്ന് ചന്ദ ഒരു കാരണവശാലും വാങ്ങുന്നതല്ല. നിങ്ങൾക്ക് നിങ്ങളുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ ഒരു പക്ഷെ ഈ ഒഴിവുകഴിവെല്ലാം പറയൽ അനുവദനീയമായേക്കാം. എന്നാൽ ജമാഅത്തിന് ഈ ഒഴിവുകഴിവിന്റേ യൊന്നും ആവശ്യമില്ല.

ജർമനിയിലേയും യൂറോപ്പിലേയും പുരുഷന്മാരുടെ ഊഴം വന്നപ്പോൾ അവരിൽ പലരും ജമാഅത്തിയായി വളരെ അടുത്ത് ബന്ധപ്പെടുന്നവരാണെന്ന് മനസ്സിലായി. അവരുമായും കൂടിക്കാഴ്ച നടത്താൻ സാധിച്ചു. ജർമ്മനിയിൽ നിന്നും ഹംഗറിയിൽ നിന്നും വന്ന രണ്ട് പേർ ജൽസക്ക് ശേഷം ബൈഅത്ത് ചെയ്യുകയുണ്ടായി. വൈകാരികമായ അവസ്ഥയായിരുന്നു അവരുടേത്.

ജൽസയുടെ മറ്റൊരുദ്ദേശം ഹദ്റത്ത് മസീഹ് മൗഊദ്(റ) പറഞ്ഞത് മറ്റു സമൂഹങ്ങളിൽ തബ്ലീഗുനുള്ള മാർഗങ്ങൾ ആരായുക എന്നതുകൂടിയാണ്. ജൽസ പരിപാടി കാണുകയും കേൾക്കുകയും ചെയ്യുന്നതിന്റെ ഫലമായി പലരും ഇതിൽ ആകൃഷ്ടരാകുന്നുണ്ടെന്നതും അല്ലാഹുവിന്റെ ഫള്ലാണ്.

ഒരു വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. യു.കെ. ജൽസയിൽ ജമാഅത്തിൽ പ്രവേശിച്ച നാടുകളുടെ കൂട്ടത്തിൽ ലിത്വാനിയായെയും ഞാൻ എണ്ണിയിരുന്നു. ഖലീഫത്തുൽ മസീഹ് നാലാമന്റെ (റഹ്)കാലത്ത് തന്നെ ഈ നാട്ടിൽ ജമാഅത്ത് സ്ഥാപിച്ചതാണല്ലോ എന്ന ചിന്ത എനിക്ക് വന്നു. 193 നാടുകളെന്നാണ് ഞാൻ പറഞ്ഞിരുന്നത്. ഇതിനെയും ഉൾപ്പെടുത്തിയാലും 193 തന്നെയാണുള്ളത്. ഇവിടെ 1992-ൽ ജമാഅത്ത് ഉണ്ടായിരുന്നു. കുറച്ച് പേർ ബൈഅത്ത് ചെയ്തിരുന്നു. മിഷൻ ഹൗസും തുറന്നിരുന്നു. മുബല്ലിഗിനെയും അയച്ചിരുന്നു. പിന്നീട് ജമാഅത്തിന്റെ അവസ്ഥ മോശമാവുകയും അഹ്മദികളായവർ താതാരി എതിരാളികളുമായി ചേർന്ന് ജമാഅത്തിനെ എതിർക്കുകയും ജമാഅത്തിനോട് ശത്രുത പ്രകടിപ്പിക്കുകയും ചെയ്തു. 1994 ഏപ്രിലിൽ മുബല്ലീഗിനെ ഉടനെ തിരിച്ചു വിളിക്കേണ്ടി വന്നു. 1995-ൽ ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്)ന്റെ നിർദ്ദേശപ്രകാരം ലിത്വ്വേനിയായെ ജമാഅത്ത് സ്ഥാപിതമായ രാഷ്ട്രങ്ങളുടെ ലിസ്റ്റിൽ നിന്നും നീക്കുകയും ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഹ് തന്നെ ഇത് പ്രഖ്യാപിച്ചിരുന്നു. ഇതിനെ ജർമനിയെയാണ് ഏൽപ്പിച്ചിരുന്നത്.14 വർഷത്തിനു ശേഷം പുതിയ രീതിയിൽ ഈ നാട്ടിൽ ജമാഅത്ത് സ്ഥാപിതമായിരിക്കുകയാണ്. മുഖ്ലിസായ ഒരു സ്ത്രീ ജമാഅത്തിൽ ചേർന്നിട്ടുണ്ട്. അവിടെ മറ്റുള്ളവരുമായി ബന്ധം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ജമാഅത്ത് അവിടെ മുന്നേറുമെന്ന് പ്രതീക്ഷിക്കുന്നു.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ യാത്ര വളരെ വിജയപ്രദമായിരുന്നു. രണ്ട് ദിവസത്തിനുശേഷം റമദാൻ തുടങ്ങുകയാണ്. ഈ ആത്മീയാന്തരീക്ഷത്തെ നിലനിർത്തുക. കൂടുതലായി ദുആ ചെയ്യുക. തഖ്വയിൽ മുന്നേറാനും ദുആ സ്വീകരിക്കപ്പെടാനുമുള്ള പ്രത്യേക അവസരം നമുക്ക് ലഭിക്കുന്നതാണ്. അല്ലാഹു നമുക്ക് ആത്മീയാഭിവൃദ്ധി നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുക. അല്ലാഹു നമ്മെ പരിശുദ്ധരാക്കട്ടെ. നമ്മളിലുണ്ടായ മാറ്റം

സ്ഥിരമാക്കി നിലനിർത്തട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു: ഓർക്കുക! ദുആയിൽ പ്രഥമമായിട്ടുള്ളത് മനുഷ്യൻ തന്നെ തിന്മകളിൽനിന്നും അകറ്റുന്നതിനായി പ്രാർത്ഥിക്കുക എന്നതാണ്. എല്ലാ ദുആകളുടേയും മർമ്മം ഇതാണ്. ഈ ദുആ സ്വീകരിക്കപ്പെട്ടുകഴിയുകയും മനുഷ്യൻ എല്ലാ വിധ തിന്മകളിൽനിന്നും പരിശുദ്ധരായി കഴിയുകയും അല്ലാഹുവിന്റെ മുമ്പിൽ മുതഹ്ഹറായി (പരിശുദ്ധരായി) തീരുകയും ചെയ്താൽ അവന്റെ ആവശ്യങ്ങൾക്കായുള്ള മറ്റു ദുആകൾ അവൻ ചെയ്യേണ്ട ആവശ്യം പോലും വരുന്നില്ല. അതെല്ലാം സ്വീകരിക്കപ്പെട്ടുകൊണ്ടേ ഇരിക്കുന്നതാണ്. ഏറ്റവും പ്രയാസകരമായി കഠിനമായി പ്രയത്നിച്ചുകൊണ്ട് ചെയ്യേണ്ട ദുആ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനായിത്തീരാനുള്ളതാണ്. അതോടൊപ്പം അല്ലാഹുവിന്റെ മുമ്പിൽ മുത്തഖിയും സ്വാതികനുമായിത്തീരാൻ ദുആ ചെയ്തുകൊണ്ടിരിക്കുക.

ഈ കാര്യം മനസ്സിലാക്കികൊണ്ട് ദുആ ചെയ്യുന്നവരാക്കി അല്ലാഹു നമ്മേ മാറ്റട്ടെ. ഈ റമദാനിൽ അല്ലാഹുവിന്റെ ഫള്ലുകളെ സ്വരുക്കൂട്ടികൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്ന പരിശുദ്ധ പരിവർത്തനം നമ്മുടെ ജീവിതത്തിൽ നാം ഉണ്ടാക്കിത്തീർക്കുക. റമദാനിൽ പാക്കിസ്ഥാനിൽ അക്രമം അധികരിക്കാറുണ്ട്. അതുകൊണ്ട് അവർക്കുവേണ്ടിയും ഈ റമദാനിൽ പ്രത്യേകം ദുആ ചെയ്യുക. അഹ്മദികളെ ബുദ്ധിമുട്ടിക്കുന്നതാണ് അവിടുത്തുകാർക്ക് റമദാനിലെ നന്മകൾ. അഹ്മദികൾക്ക് എവിടെയെല്ലാം എതിർപ്പുകളുണ്ടോ അവിടങ്ങളിലെല്ലാം അഹ്മദികളെ അല്ലാഹു തന്റെ ഫള്ലിന്റെ കീഴിൽ വെക്കുമാറാകട്ടെ. ഈ റമദാൻ ജമാഅത്തിന് അതിരറ്റ അനുഗ്രഹങ്ങൾക്കു കാരണമായിത്തീരട്ടെ. യഥാർത്ഥ രീതിയിൽ ഇതിനെ ഉപയോഗിക്കുന്നവരായി നാം മാറട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 21 - 08 - 2009 at**
**Baithul Futuh,London**
**UK.**